## യൂണിറ്റ് 1

# കാലാതീതം കാവ്യ വിസ്മയം

## *1. ലക്ഷ്മണ സാന്ത്വനം*

### ■ *എഴുത്തച്ഛൻ: കവി പരിചയം –*

* ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നു
* പ്രാചീന കവിത്രയത്തിൽ ഒരാൾ
* 16 നൂറ്റാണ്ടിൽ ജീവിച്ചു എന്ന് കരുതുന്നു.
* മലപ്പുറം ജില്ലയിൽ തിരൂരിൽ ജനനം.
* കിളിപ്പാട്ട് പ്രസ്ഥാനത്തിൻ്റെ ഉപജ്ഞാതാവ്
* ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവഹിച്ചു.

***പ്രധാന കൃതികൾ –*** ** അധ്യാത്മരാമായണം കിളിപ്പാട്ട്*
** മഹാഭാരതം കിളിപ്പാട്ട്*

- *കിളിപ്പാട്ട് പ്രസ്ഥാനം* – കവിയുടെ അഭ്യർത്ഥന മാനിച്ച് കിളി, കഥ പറയുന്ന രീതിയിൽ എഴുതപ്പെട്ടിരിക്കുന്ന കാവ്യങ്ങളെയാണ് കിളിപ്പാട്ടുകൾ എന്നു പറയുന്നത്. ശാരികപൈതലിനെ (കിളിപ്പെൺ മകൾ) വിളിച്ചു വരുത്തി ഭഗവൽക്കഥകൾ പറയാനാവശ്യപ്പെടുന്ന രീതിയിലുള്ള രചന. വാഗ്ദേവിയുടെ(സരസ്വതി) കൈയിലിരിക്കുന്ന തത്തയെ കൊണ്ട് കഥ പറയിക്കുമ്പോൾ അതിനു കൂടുതൽ ഉത്കൃഷ്ടതയുണ്ടാവും എന്ന വിശ്വാസം.
- *ആദ്ധ്യാത്മരാമായണം കിളിപ്പാട്ട് ,* അയോദ്ധ്യാകാണ്ഡത്തിൽ വിവരിക്കുന്ന രാമാഭിഷേക വിഘ്നമാണ് സന്ദർഭം. കൈകേയിയുടെ നിർബന്ധത്തിന് വഴങ്ങി ദശരഥ മഹാരാജാവിനു തന്റെ തീരുമാനം മാറ്റേണ്ടി വന്നു. രാമൻ യുവരാജാവ് ആകുന്നില്ല എന്ന് മാത്രമല്ല പതിനാലു വർഷം വനവാസം സ്വീകരിക്കുകയും വേണം. അച്ഛന്റെ വാക്കു മാനിച്ച് കാട്ടിലേക്ക്പുറപ്പെടാനൊരുങ്ങുന്ന രാമകുമാരൻ അമ്മ കൗസല്യയോട് യാത്ര ചോദിക്കാൻ അന്തപുരത്തിലെത്തുമ്പോഴാണ് ലക്ഷ്മണനെ കണ്ടുമുട്ടുന്നത്. അഭിഷേക വിഘ്നം ലക്ഷ്മണനെ കുപിതനാക്കി.

- *പാഠഭാഗാശയം* : കോപതാപാധീനനായി നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നു
വത്സാ, സമിത്രേ, കുമാരാ, നീ മത്സരഭാവമില്ലാതെ എന്റെ വാക്കുകൾ കേൾക്കുക.
( വത്സാ എന്ന വാത്സല്യം തുളുമ്പുന്ന വിളി, സുമിത്രയെ പോലെ ബഹുമാന്യയായ ഒരമ്മയുടെ പുത്രനാണെന്ന് ധ്വനി, നീ കുമാരനാകയാൽ ഇത്തിരി എടുത്തുചാട്ടമുണ്ടെന്ന് ജേഷ്ഠവാത്സ്യല്യം.)
- ലക്ഷ്മണനെക്കുറിച്ച് മതിപ്പോടെ സംസാരിക്കുന്നു. നിന്നെക്കുറിച്ചുള്ള സത്യമെല്ലാം ഞാൻ മുമ്പെ തന്നെ അറിഞ്ഞിരിക്കുന്നു. നിന്റെ മനസ്സിൽ എപ്പോഴും എന്നെക്കുറിച്ചുള്ള വാത്സ

ല്യമാണെന്നും അത് നിന്നോളം മറ്റാർക്കുമില്ലെന്നും ഞാൻ അറിയുന്നു. . നിനക്ക് ചെയ്യാൻ സാധിക്കാത്തതായി ഒന്നുമില്ലെന്നും നിശ്ചയമാണ്. എങ്കിലും ഞാൻ പറയുന്നത് നീ കേൾക്കുക.

- രാജ്യം, ദേഹം, ലോകം ധനധാന്യങ്ങൾ എന്നിവ അനിത്യമാണെന്ന് സമർഥിക്കുന്നു. അതുകൊണ്ടുതന്നെ നശ്വരമായ അതിന്റെ നേട്ടത്തിൽ ആനന്ദിക്കാനൊന്നുമില്ലെന്നും അനുജനോട് പറയുന്നു.
- സുഖഭോഗങ്ങൾമിന്നൽപോലെക്ഷണികങ്ങളാണ്.ആയുസ്സുംവേഗത്തിൽനഷ്ടപ്പെടുന്നതാണ്
- ചുട്ടുപഴുത്ത ലോഹത്തിൽ ഒരു തുള്ളി ജലം വീഴുമ്പോൾ എന്തു സംഭവിക്കുമോ അതുപോലെ ക്ഷണഭംഗുരമാണ് (ക്ഷണം നേരം കൊണ്ട് നശിക്കുന്നത്) മർത്യജന്മവും.
- പാമ്പിന്റെ വായിലിരയായി വീണ തവള ആഹാരത്തിന് ശ്രമിക്കുന്നതുപോലെ കാലമാകുന്ന സർപ്പത്താൽ (കാലാഹി) വിഴുങ്ങപ്പെട്ട മനുഷ്യൻ ചഞ്ചല മനസ്ക്കരായി ലൗകിക സുഖങ്ങൾ തേടുകയാണ്.
- പുത്രൻ(മകൻ), കൂട്ടുകാരൻ, ഭാര്യ തുടങ്ങിയ പ്രിയപ്പെട്ടവരോടൊപ്പമുള്ള കുടുംബജീവിതം അൽപ കാലത്തേക്ക് മാത്രമേ ഉള്ളൂ.
- സത്രത്തിൽ ഒരു രാത്രി ഒത്തുകൂടുന്ന വഴിയാത്രക്കാർ പിരിഞ്ഞു പോകുന്നതു പോലെയും പുഴയിൽ ഒഴുകുന്ന പൊങ്ങു തടികൾ പോലെയും തികച്ചും അസ്ഥിരമാണ് ജീവിതം. (നാട്ടും വീടും കുടുംബവും ജീവിതവും അല്പകാലം മാത്രം എന്ന ആശയമാണ് ഇവിടെ സൂചിപ്പിക്കുന്നത് )
- ധനം, ഐശ്വര്യം, യൗവനം ഇവയൊന്നും ശാശ്വതമല്ല സ്വപ്നം കണ്ട് തീരുന്ന വേഗത്തിൽ അൽപായുസ്സായ കുടുംബ ജീവിതം അവസാനിക്കുന്നു.
- രാഗം, ദ്വേഷം, മദം, മാത്സര്യം, ലോഭം (രാഗാദി) എന്നിവയോടു കൂടിയ ജീവിതമാകെ നിരുപിക്കൽ (ചിന്തിച്ചാൽ) സ്വപ്ന തുല്യമാണ് സഖേ.
    - ദേഹം നിമിത്തമാണ് അഹംഭാവമുണ്ടാവുന്നത് .ഞാൻ ബ്രാഹ്മണനാണ്, രാജാവാണ്, ഞാൻ ശ്രേഷ്ഠനാണ് എന്നൊക്കെ മനുഷ്യർ ആവർത്തിച്ച് പറഞ്ഞഹങ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ജന്തുക്കൾ അവരെ ഭക്ഷിച്ചു വിസർജിച്ചേക്കാം. തീയിൽ വെന്ത് ചാമ്പലായിത്തീരാം. മണ്ണിനടിയിൽ ചീഞ്ഞ് കീടങ്ങളാകാം. അതിനാൽ ദേഹത്തെ അടിസ്ഥാനമാക്കിയുള്ള അതിമോഹം ഒരിക്കലും നല്ലതല്ല.
    - ശരീരത്തന്റെ നിസ്സാരതയെക്കുറിച്ച് പറയുന്നു. തോല്, മാംസം, രക്തം, അസ്ഥി, മൂത്രം, ശുക്ലം എന്നിവയെല്ലാം സമ്മേളിക്കുന്ന ഒരിടം മാത്രമാണ് ശരീരം. അത് നശിച്ചു പോകാനുള്ളതാണ്..
- പഞ്ചഭൂതങ്ങളാൽ (ഭൂമി, ജലം, അഗ്നി, വായു, ആകാശം) നിർമിച്ച ആ ശരീരം കൊണ്ട് ആരും ഒന്നും നേടുന്നില്ല. ശരീരം പരിണാമിയും അസ്ഥിരവുമാണ്.
- ദേഹാഭിമാനം നിമിത്തമുള്ള മോഹം കൊണ്ട് ലോകം നശിപ്പിക്കാമെന്ന വിചാരം അറിവില്ലായ്മയാണ് ലക്ഷ്മണാ നീ അറിയുക.
- ദേഹാഭിമാനികൾക്ക് എല്ലാ ദോഷങ്ങളും വന്നു ഭവിക്കുന്നത് കോപത്താൽ (രോഷേണ) ആണെന്ന് ഓർക്കുക.

- ദേഹമാണ് താൻ എന്ന ചിന്ത മോഹത്തെ ജനിപ്പിക്കുന്ന അവിദ്യയാണ്.
- ഞാൻ ദേഹമല്ല ആത്മാവെന്ന ബോധം മോഹത്തെ ഇല്ലാതാക്കുന്ന വിദ്യയാണ്. (മോഹത്തെ ഹനിക്കുന്ന വിദ്യ)
- സുഖഭോഗങ്ങളിൽ മുഴുകി കഴിയുന്ന ജീവിതത്തിന് (സംസാരകാരിണി) കാരണമാകുന്നത് അവിദ്യയും ഇതിൽനിന്നുള്ള മോചനത്തിന് (സംസാരനാശിനി) കാരണമാക്കുന്നത് വിദ്യയുമാണ്.
- അതുകൊണ്ട് മോക്ഷം ആഗ്രഹിക്കുന്നവൻ ഏകാന്ത മാനസനായി വിദ്യ അഭ്യസിക്കേണ്ടതാണ്. അവിടെ കാമക്രോധലോഭമോഹാദികൾ ശത്രുക്കളാണെന്നും നീ അറിയുക.
- ക്രോധം കൊണ്ടാണ് അമ്മ, സഹോദരൻ, കൂട്ടുകാരൻ, പത്നി എന്നിവരെയെല്ലാം ഹനിക്കാൻ മനുഷ്യൻ (പുമാൻ) തുനിയുന്നത്.
- ക്രോധം മൂലം മനസ്താപമുണ്ടാകുന്നു, ക്രോധം ലൗകിക ബന്ധനം ഉണ്ടാക്കുന്നു.
- ക്രോധം ധർമ്മ ക്ഷയത്തിന് കാരണമാകുന്നു. ആയതിനാൽ അറിവുള്ളവർ ക്രോധം പരിത്യജിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ സാന്ത്വനിപ്പിക്കുന്നു.
- *ശ്രീരാമൻ ലക്ഷ്മണന്റെ പരുഷമായ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുന്നു.. ലക്ഷ്മണനെ നിറഞ്ഞ വാത്സല്യത്തോടെ ആലിംഗനം ചെയ്യുന്നു.*
- *മൃദുവായ ഭാഷയിൽ സ്നേഹപൂർവം സംബോധന ചെയ്യുന്നു.ലക്ഷ്മണന്റെ കഴിവുകളെ അഭിനന്ദിക്കുന്നു.*
- *ലക്ഷ്മണന്റെ വാദഗതികളെ പൊതുവേ അംഗീകരിക്കുന്നു. എന്നാൽ മറ്റൊരു വീക്ഷണത്തിലൂടെ അവയെ വിലയിരുത്തുന്നു.*
- *ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടി ഗുണദോഷ വിചാരം നടത്തുന്നു.*
- *യഥാർത്ഥ പ്രശ്നം കണ്ടെത്താൻ സഹായകമായ സൂചനകൾ നൽകുന്നു. പ്രശ്നപരിഹാരങ്ങൾ നിർദേശിക്കുന്നു.*
- *ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ പറയുന്നതെന്തെല്ലാം?*
  - കാണപ്പെടുന്ന ലോകം വാസ്തവമല്ല.
  - കുടുംബത്തിലെ കൂടിച്ചേരൽ അൽപ്പകാലത്തേക്ക് മാത്രമാണ്.
  - ഐശ്വര്യം യൗവനവും സ്ഥിരമല്ല.
  - ലോകജീവിതം സ്വപ്ന തുല്യമാണ്.
- *"ചക്ഷു ശ്രവണഗളാസ്ഥമാം ദർദ്ദുരം...... ............. ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു."*

- അർത്ഥം കണ്ടെത്തുന്നു. ചക്ഷു ശ്രവണൻ, ഗളസ്ഥം, ദർദ്ദുരം അഹി, പരിഗ്രസ്തം.
- പാമ്പിന്റെ വായിലകപ്പെട്ടിട്ടും ഭക്ഷണം കാംക്ഷിക്കുന്ന തവള . ലൗകിക സുഖങ്ങൾ തേടുന്നവർ.
- മരണം മുന്നിൽ ഉള്ളപ്പോഴും ജീവിതത്തോടുള്ള ആസക്തി അവസാനിക്കുന്നില്ല.
- പാമ്പ് വളരെ പതുക്കെ വിഴുങ്ങുന്നതു കൊണ്ട് തവള അത് അറിയുന്നില്ല.

- കാലമാകുന്ന പാമ്പ് മനുഷ്യരെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു.

  (ജീവൻ അപകടത്തിൽ ആയിരിക്കുമ്പോഴും തവള ഭക്ഷണത്തിനായി ശ്രമിക്കുന്നു. ജീവിതത്തിന്റെ ക്ഷണികത മനസ്സിലാക്കാതെ മനുഷ്യർ ലൗകിക സുഖങ്ങൾ തേടുന്നു. തവള-മനുഷ്യൻ – സമാനത)

ക്രോധം

*വിവേകം ഇല്ലാതാകുന്നു---- ബന്ധുകളെ വധിക്കുന്നു.
*സർവ്വ നാശത്തിന്കാരണമാകും.
*ധർമ്മക്ഷയം വരുത്തുന്നു.  മനസ്താപം ഉണ്ടാക്കുന്നു.
*മുക്തിക്കു വിഘ്നം വരുത്തുന്നു.

## ◆ *എഴുത്തച്ഛൻ  ഭാഷാശൈലി*

- ഭാവഗൗരവത്തിനു വേണ്ടി ദീർഘമായ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു.
- വഹ്നിസന്തപതലോഹസ്ഥാംബുബിന്ദുനാ.
- ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദൂരം
- പുത്രമിത്രാർഥകളത്രാദിസംഗമം
- ത്വങ് മാംസരക്താസ്ഥിവിൺമൂത്രരേതസ്
- മാതാപിതൃഭ്രാതൃമിത്രസഖികൾ
- വിഭക്തി പ്രത്യയങ്ങളോടു കൂടിയ സംസ്കൃത പദങ്ങൾ ഉപയോഗിക്കുന്നു.
- ബിന്ദുനാ, കാലാഹിനാ, ചേതസാ ,രോഷേണ, നദ്യാ, ദേഹാഭിമാനിനാം, ബ്രാഹ്മണോഹം, രേതസാ....
- ◆ ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാ പദങ്ങൾ ആവർത്തിക്കുന്നു.
  കേൾക്ക്, നീ കേൾക്കണം, ഓർക്കനീ, അറികെടോ, നിരുപിക്കലക്ഷമണാ, അരിക നീ, കേൾ .
- ◆ ഈരടികളിലെ രണ്ടാമത്തെ വർണ്ണം സമാനമാണ്.
- ◆ വത്സര – മത്സര, നിന്നുടെ – മുന്നമേ, പാന്ഥർ – താന്തർ

## ◆ *സമാസം : " വിഭക്തിക്കുറി കൂടാതെ പദയോഗം സമാസമാം"*

- ഭൈമി – ഭീമന്റെ പുത്രി.
- ജാനകി – ജനകന്റെ പുത്രി.
- സൗമിത്രി – സുമിത്രയുടെ പുത്രൻ
- മർത്ത്യജന്മം – മർത്ത്യന്റെ ജന്മം
- ക്ഷണപ്രഭാചഞ്ചലം – ക്ഷണപ്രഭ പോലെ ചഞ്ചലം
- രാജ്യദേഹാദി – രാജ്യം ,ദേഹം ,ആദിയായവ
- പഞ്ചഭൂതനിർമ്മിതം – പഞ്ചഭൂതത്താൽ നിർമ്മിതം
- വാത്സല്യപൂരം  – വാത്സല്യത്തിന്റെ പൂരം.

- രാമബാണം – രാമന്റെ ബാണം
- മോക്ഷാർത്ഥി – മോക്ഷത്തെ അർത്ഥിക്കുന്നവൻ
- ആലയ സംഗമം – ആലയത്തിലെ സംഗമം.

## *വിഭക്തിയും പ്രത്യയങ്ങളും*

*നിർദ്ദേശികവിഭക്തി-------------------പ്രത്യയമില്ല

* പ്രതിഗ്രാഹികവിഭക്തി---------------പ്രത്യയം 'എ'

*സംയോജിക വിഭക്തി--------------പ്രത്യയം -'ഓട്'

*ഉദ്ദേശിക വിഭക്തി-- --------------പ്രത്യയം -ക്ക് ,ഉ

*പ്രയോജിക വിഭക്തി -------------പ്രത്യയം – 'ആൽ'

*സംബന്ധികാ വിഭക്തി--------പ്രത്യയം – ഉടെ , ന്റെ

*ആധാരിക വിഭക്തി ---------പ്രത്യയം -- ഇൽ ,കൽ



തയ്യാറാക്കിയത് :
**സുരേഷ് അരീക്കോട് (9562521509)**
MA( malayalam )MA ( English )MA( Journalism )
HST ( malayalam) GHSS Areekode, Malappuram